സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 87/16/Est-I 04/07/2023

## സർക്കുലർ

വിഷയം :- രാഷ്ട്രീയ പാർട്ടികളുടേയും മതസാമുദായിക സംഘടനകളുടേയും കൊടിതോരണങ്ങൾ, ബോർഡുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ദേവസ്വം/ആഫീസ് കോമ്പൗണ്ടുകളിൽ നിരോധിച്ചത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള ക്ഷേത്രങ്ങളിലും അനുബന്ധ കോമ്പൗണ്ടിലും വസ്തുവകകളിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും മത സാമുദായിക സംഘടനകളുടെയും കൊടിതോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും നോട്ടീസുകളും സ്ഥാപിക്കുന്നത്/പതിക്കുന്നത് നിരോധിച്ച് ബോർഡ് ഉത്തരവ് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നില്ലായെന്നത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവ് കർശനമായും പാലിക്കേണ്ടതാണ്. ഇപ്രകാരം പതിച്ചിട്ടുള്ള/സ്ഥാപിച്ചിട്ടുള്ള കൊടിതോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും ഉടനെ മാറ്റേണ്ടതാണ്.

ഇതിലേയ്ക്ക് സംരക്ഷണം ആവശ്യമുള്ള പക്ഷം ആയത് നൽകുന്നതിന് വിജിലൻസ് വിഭാഗം സൂപ്രണ്ട് ഓഫ് പോലീസിനെ ചുമതലപ്പെടുത്തുന്നു.

വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫെയർ ആഫീസ് കോപ്പി.